# പ്ലാവിലക്കഞ്ഞി

*തകഴി ശിവശങ്കരപ്പിള്ള -രണ്ടിടങ്ങഴി 17 അധ്യായം*

*കുട്ടനാടിന്റെ ഹൃദയ ഭൂമിയാണ് തകഴി. വെള്ളം കെട്ടിനിൽക്കുന്ന നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും നിറഞ്ഞ തുരുത്തുകൾക്കിടയിൽ പണിയെടുക്കുന്ന പുലയരും പറയരും അവരുടെ യജമാനൻമാരായ ജന്മികളും നിവസിക്കുന്ന പ്രദേശം.*

*കുട്ടനാട്ടിലെ കർഷക തൊഴിലാളികളുടെ ജീവിതം സൂചിപ്പിക്കുന്ന ശീർഷകം. പകലന്തിയോളം പണിയെടുക്കാൻ വിധിക്കപ്പെട്ട തൊഴിലാളി ഒരിറ്റ് കഞ്ഞിവെള്ളം പോലും കിട്ടാതെ കൊടിയ ദാരിദ്ര്യത്തിൽ കഴിയുന്ന ദയനീയ ചിത്രം ഇതിൽ കാണാം. ജന്മിമാരുടെ മക്കൾ സുഖലോലുപമായ ജീവിതം നയിക്കുമ്പോൾ പ്ലാവിലകോട്ടി വറ്റുകൾ കുറഞ്ഞ കഞ്ഞി കോരിക്കുടിക്കേണ്ട അവസ്ഥയാണ് തൊഴിലാളിവർഗ്ഗത്തിന്റേത്.*

## ■ *പ്രധാന ആശയങ്ങൾ*

- ഓസേപ്പ് നെല്ലുകൂലി കൊടുക്കാത്തതെന്തുകൊണ്ടെന്ന് കോരന് മനസ്സിലായി. നെല്ലിന് നല്ല വിലയുണ്ട്.
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?
- അന്നു വെച്ച കഞ്ഞിയിൽ നിന്ന് ഒരു നല്ല അംശം  അവൾ സൂക്ഷിച്ചു വെച്ചിരുന്നു അത് കോരൻ കണ്ടുപിടിച്ചു.
- “നാളെ ഉച്ച തിരിഞ്ഞല്യോ നാഴി കഞ്ഞോളം കിട്ടുന്നെ.പാരയിടിക്കാനും മുങ്ങി കുത്താന മൊള്ളതല്യോ കാലത്ത് ഒന്ന് കലക്കി മോന്തി കൊണ്ടു പാം"
- അത് അവന്റെ അപ്പനായിരുന്നു. പിണങ്ങി അവനെ കൈവെടിഞ്ഞ അച്ഛൻ.
- അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെ ആയിരുന്നു.
- വൃദ്ധൻ ശരീരമാകെ നീർക്കോൾ കൊണ്ടു വിളറിയിരിക്കുന്നു എഴുന്നേൽക്കാൻ വയ്യ.
- "ങാ മോനേ ഇനി അധികനാളൊന്നുമില്ല.”
- “എന്നാ കൊടുക്കാനാ ,ഏൻ ഇന്നലെ ഒരു മൊറം നെയ്ത്ത് വെച്ചിരുന്നു.
- അത് കൊടുത്തിട്ട ഏഴ് ചക്രം കിട്ടി. അതു കൊടുത്തു മൂഴക്കരി മേടിച്ചോണ്ടു മന്നപ്പഴാ അച്ചമ്മന്നെ”
- ചിരുത കൃതകൃത്യയായി”
- അവളു മറ്റൊളേളരെ തീറ്റുകാ. എന്നിട്ട് അവൾ ഒണങ്ങുകേം. ഏന് ചീത്തപ്പേരുണ്ടാക്കരുതെന്ന് എന്നും പറയും.
- ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയ ദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടി കഴിഞ്ഞു.
- എന്തായാലും അന്നു നെല്ലുതന്നെ കൂലി കിട്ടിയേ മതിയാകൂ. അപ്പന് ഒരുനേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം. അത് മാത്രമാണ് അവന്റെ ആഗ്രഹം.

■ "തമ്പ്രാ ഏന നെല്ല കൂലി മതി. പ്രകം മേണ്ട." കോരൻ പറയുന്ന

- അത്താഴകരിക്കാടിക്ക് നെല്ല് കിട്ടിയെങ്കിലേ കഴിയൂ.
- പൈസ കൂലിയായി കിട്ടിയിട്ട് കാര്യമില്ല.
- പൈസ കൊടുത്താലും നെല്ല് (അരി) കിട്ടാനില്ലായിരുന്നു.

■ രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?

- കോരനിലെ വിപ്ലവ ചിന്ത - രാത്രിയിൽ രഹസ്യമായി ജന്മിമാർ നെല്ല് മറിച്ച് വിൽക്കുന്നത് കണ്ടിട്ട് അയാൾ ചിന്തിക്കുന്നത്.
- അത്താഴത്തിനുള്ള നെല്ല നൽകാതെ പൈസ കൂലിനൽകിയിട്ട. ജന്മിമാർ നെല്ല് മറിച്ചുവിൽക്കുന്നു.
- കോരന്റെ പ്രതിഷേധം (സൂചന)

■ അതെന്തൊരു അക്ഷന്തവ്യമായ (ക്ഷമിക്കാൻ പറ്റാത്ത) അപരാധമാണ്. ഒരുതരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല. ?

- അപ്പനെ ഒറ്റയ്ക്കാക്കി പെണ്ണുമായി പൊറുത്തത്.

■ എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു .ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്തു ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കറിപ്പോടെ അവിടെ വലിച്ചുകഴിയുന്നത് ?

-

- അപ്പന്റെ ജീവിതം ജന്മിയുടെ ഭൂമിയിൽ
- കഠിനാധ്വാനം, 100 പറ വിത്തിന്റെ നിലം - ചൂഷണം, അടിമത്തം, ദാരിദ്ര്യം - നിരാലംബരായ

കർഷകരുടെ ജീവിത സാഹചര്യം -അവസാനനാളുകൾ.

■ ജീവതത്തിലെ ഇല്ലായ്മകളെ സ്നേഹംകൊണ്ട് അതിജീവിക്കുകയാണ് രണ്ടിടങ്ങഴിയിലെ കഥാപാത്രങ്ങൾ ചെയ്യുന്നത് ?

- കോരൻ, അധ്വാനം,
- ചിരുത, കാത്തിരിപ്പ്, ഭക്ഷണം,
- കോരനു വേണ്ടിയുള്ള കരുതൽ,
- അപ്പനെ ഊട്ടുന്നത്, അപ്പന്റെ അവസ്ഥയിൽ സങ്കടം
- മകനെ തേടിയെത്തുന്ന അപ്പൻ.

■ *കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഭാഷയാണ് രണ്ടിടങ്ങഴി എന്ന നോവലിനെ ആസ്വാദ്യമാക്കുന്നത് - എങ്ങനെയെല്ലാം?*

- വാമൊഴി ഭാഷയുടെ തനിമ -സൗന്ദര്യം- ഗ്രാമീണത -വൈകാരികത - നാട്ടുവഴക്കം ഭാഷയുടെ ജീവൻ-ജീവിതാവസ്ഥ-പശ്ചാത്തലം-കാലഘട്ടം
- "ഏനുമേണ്ട, എന്നാൽ ഏനും കടിക്കത്തില്ല, ഏന മയറ്റില് കമ്പിതമെടീ"

- മൂഴക്കരിയിട് തെളപ്പിച്ച - ഏന്ന അത് കുടിച്ചത് അവള് കുടിച്ചില്ല.
ഏന്ന കോരിത്തന്നു. അച്ചൻ ചുമ്മാ പറയുവാ, ഏന്നം കുടിച്ചു.

- തമ്പ്രാ ഏന്ന നെല്ല് കൂലി മതി. ചക്രം മേണ്ട.

- അല്ലച്ച നെല്ല് വെളീകാണിക്കത്തില്ല. ഇന്നലെ ആറണ കൊടുത്ത് നാഴി അരി മേടിച്ചു. ഇന്നിപ്പം ഇരുനാഴിയൊണ്ട്.

- ഇത് കഞ്ഞിക്കുടിക്കണമെന്ന് ബാവമേ ഉള്ളൂ. അല്ലെടീ ഏൻ കുടിക്കുവാ.

- എടി കള്ളീ! നീയിത് ഒളിച്ചുമച്ചിരുന്നോ? എന്തിനായിത്, നാഴി അരി അല്യോ മച്ചൊള്ളൂ - നീ കുടി.

- *കുട്ടനാടൻ കർഷക തൊഴിലാളികളുടെ ജീവിതമാണ് --അവരുടെ ഭാഷ തന്നെയാവണം അവിടെ സ്വീകരിക്കേണ്ടത്- ഒരോ ദേശത്തിന്റെയും ജീവിതങ്ങൾ സാഹിത്യകൃതികളിൽ ആവിഷ്കരിക്കപ്പെടുമ്പോൾ ദേശത്തിന്റെ ഭാഷ കടന്നു വരുന്നു-അത് കൃതിയെ കൂടുതൽ ആസ്വാദ്യമാകുന്നു.*

- *നോവലിലെ സാമൂഹ്യാവസ്ഥ* – ജന്മിത്തം, ചൂഷണം, അടിമത്തം, ദാരിദ്ര്യം, കരിഞ്ചന്ത, ജന്മി - കുടിയാൻ വ്യവസ്ഥ (ഉടയോൻ ,അടിയോൻ)

## *പദം പിരിച്ചെഴുതുക*

- പുഞ്ചപ്പാടം- പുഞ്ച + പാടം
- പ്ലാവിലക്കഞ്ഞി - പ്ലാവില + കഞ്ഞി
- രാത്രിയിൽ - രാത്രി + ഇൽ
- പട്ടിണിക്കാലം - പട്ടിണി + കാലം

## *ഒറ്റ വാക്യമാക്കുക*

- അപ്പനും മകനും കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു.
- ***അപ്പനും മകനും കെട്ടി പ്പിടിച്ചു നിൽക്കുന്ന കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു.***
- കൈനകരി മുഴുവൻ രാത്രിയിൽ കോരൻ ഊന്നി നടന്നു. അപ്പോൾ ഇരുട്ടിൽ നടക്കുന്ന ചില വ്യാപാരങ്ങൾ അവൻ കണ്ടു.
- ***കൈനകരി മുഴുവൻ രാത്രിയിൽ ഊന്നി നടന്നപ്പോൾ ഇരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.***

## *വിഗ്രഹിച്ചെഴുതുക*

- മൂഴക്കരി - മൂഴക്ക് അരി
- ചീത്തപ്പേര് -ചീത്തയായ പേര്
- ചക്കുങ്കുറ്റി -ചക്കിന്റെ കുറ്റി.
- അക്ഷന്തവ്യമായ - ക്ഷമിക്കാനാവാത്ത
- നെല്ലുവില - നെല്ലിന്റെ വില

## *എഡിറ്റിംഗ് / തെറ്റ് തിരുത്തി എഴുതുക*

- ഒടുവിൽ നടന്ന സമാപന യോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാഥിതി ആണ് പങ്കെടുത്തു.

- *ഇതിൽ - ഒടുവിൽ , സമാപനം - പദ ആവർത്തന ദോഷമുണ്ട്.*
- *ആണ് - കാലപരമായ ദോഷവുമുണ്ട്*
- *മുഖ്യാഥിതി- പദദോഷം*
- ശരിയായ രൂപം - സമാപന യോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാതിഥിയായി പങ്കെടുത്തു. /ഒടുവിൽ നടന്ന യോഗത്തിൽ വിദ്യാഭ്യാസമന്ത്രി മുഖ്യാതിഥിയായി പങ്കെടുത്തു.
- ഗർഭിണിയായ അയാളുടെ ആനയെയാണ് അവർ തോട്ട പൊട്ടിച്ച് കൊന്നത്. (ഗർഭിണി- അയാളാണ് )
- ശരിയായ രൂപം-അയാളുടെ ഗർഭിണിയായ ആനയെയാണ് അവർ തോട്ട പൊട്ടിച്ച് കൊന്നത് (ഗർഭിണി-- ആനയാണ് )

- *അത് കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു. (അടിവരയിട്ട പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്? )*

- *സന്തോഷമുണ്ടാക്കുന്നത്.*

- അത് കണ്ണിൽ ചോരയില്ലാത്ത പ്രവൃത്തിയായിപ്പോയി. (അടിവരയിട്ട പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നതെന്ത്? )

- ക്രൂരമായത്, ദയയില്ലാത്തത്

- *അവളു മറ്റൊള്ളേരെ തീറുകാ. എന്നിട്ട് അവള് ഒണങ്ങുകേം" ' - ഈ വരികളിൽ തെളിയുന്ന ഭാവം.?*
- സ്നേഹം
- *നെല്ലില്ല. പിശാശുക്കള് ! നെല്ലു കൊണ്ടുചെന്നു വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ് -* വരികളിൽ തെളിയുന്ന ഭാവം ?
- പരിഹാസം,പുച്ഛം

## *കോരൻ, ചിരുത കഥാപാത്ര നിരൂപണം, വിലയിരുത്തൽ കറിപ്പ്*

- ***കോരൻ*** -കേന്ദ്രകഥാപാത്രം. കഠിനാധ്വാനി
- കുട്ടനാട്ടിലെ തൊഴിലാളി വർഗത്തി പ്രതിനിധി.
- ജന്മിതത്വത്തിന് എതിരെയുള്ള പ്രതിഷേധ സ്വരം
- ചിരുതയെ ആത്മാർത്ഥമായി സ്നേഹിക്കുന്നു.
- ചിരുതയോടുള്ള കരുതൽ(ഉദാഹരണങ്ങൾ)
- അപ്പനെ ഉപേക്ഷിച്ച് പെണ്ണുമായി പൊരുത്തതിലെ കുറ്റബോധം
- പിന്നീട് അപ്പനെ കോരനും ചിരുതയും സ്വീകരിക്കുന്നത്, സ്നേഹവും സാന്ത്വനവും നൽകുന്നത്.
- ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുന്ന ജീവസുറ്റ കഥാപാത്രം

## ***ചിരുത: കോരന്റെ ഭാര്യ,***

- പ്രധാന കഥാപാത്രം
- പട്ടിണി ഉണ്ട് ഭർത്താവിന് ഭക്ഷണം കരുതി വെയ്ക്കുന്ന ഉത്തമയായ ഭാര്യ.
- പട്ടിണിയിലും ദാരിദ്യത്തിലും ഭർത്താവിനൊപ്പം പ്രയാസങ്ങൾ പങ്കുവെച്ച് കഴിയുന്നു.
- പരിഭവങ്ങളില്ല.ആത്മാർത്ഥമായി സ്നേഹിക്കുന്നു.
- കോരനോടുള്ള സ്നേഹം/ കരുതൽ ശ്രദ്ധേയം.(ഉദാഹരണങ്ങൾ)
- കോരനെ തേടിയെത്തിയ അപ്പനെ സ്നേഹവാത്സല്യത്തോടെ സ്വീകരിക്കുന്നു, പരിചരിക്കുന്നു, ഊട്ടുന്നു.
- സ്നേഹത്തോണിയിലേറി ദുരിതം നിറഞ്ഞ ജീവിതസാഗരം താണ്ടാൻ ഭർത്താവിനൊപ്പം നിൽക്കുന്ന മാതൃകാ കുടുംബിനി.
- ***പ്ലാവിലക്കഞ്ഞി - തലക്കെട്ടിന്റെ ഔചിത്യം***

- *ഔസേപ്പ് മുതലാളിയുടെ പാടത്ത് പണിയെടുക്കുന്ന കോരന് കഠിനമായി അധ്വാനിച്ചിട്ടും ഒരു നേരത്തെ ആഹാരത്തിനുള്ള നെല്ലോ പണമോ ലഭിക്കുന്നില്ല.*
- *കൊടിയ ദാരിദ്ര്യത്തിലാണ് അവരുടെ ജീവിതം*
- *ജന്മിയുടെ അടിമകളായി ജീവിച്ച കർഷക തൊഴിലാളികളുടെ വേദനകൾ ചിത്രീകരിക്കുന്ന പാഠഭാഗം.*
- *ഒരിറ്റ് കഞ്ഞിവെള്ളം പോലും ലഭിക്കാതെ പകലന്തിയോളം അധ്വാനിക്കേണ്ടി വരുന്ന കുട്ടനാട്ടിലെ കർഷകരുടെ ദയനീയ ജീവിതം ഈ പാഠഭാഗത്ത് സൂചിപ്പിക്കുന്നു.*
- *പേരു തന്നെ ദാരിദ്ര്യത്തിന്റെ സൂചന.*

---


തയ്യാറാക്കിയത് :

**സുരേഷ് അരീക്കോട് (9562521509)**



MA( malayalam )MA ( English )MA( Journalism )
HST ( malayalam)
GHSS Areekode,Malappuram